**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2642** **14-09-2023 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ജി.എസ്.റ്റി വകുപ്പിൽ തിരുവനന്തപുരം ജില്ലയിലെ ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്) തസ്തികയിൽ നിയമിതനായ ഉദ്യോഗസ്ഥൻ ബഹു. കേരള ലോകായുക്തയിൽ 440/2018/ B, 68/2023C എന്നീ നമ്പരുകളിലുള്ള കേസുകളിൽ പ്രതിയാണെന്നും ടിയാനെതിരെ അഴിമതി, അധികാര ദുർവിനിയോഗം തുടങ്ങിയ ഗൗരവകരമായ പരാതികളിൻമേൽ അന്വേഷണം നടന്നു കൊണ്ടിരിക്കുന്നതാണെന്നുമുള്ള വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | കേരള ലോകായുക്ത മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള 440/2018/ബി നമ്പർ പരാതിയിൽ നാലാം എതിർകക്ഷിയാണ് (4th respondent) Sri. Sisir S.V., Deputy Commissioner, Personal Division, GST Department. 68/2023C നമ്പർ പരാതിയിൽ ഒന്നാം എതിർകക്ഷിയുമാണ് (1st Respondent) Sri. Sisir S.V., Assistant Commissioner of State tax Intelligence, GST Department. 440/2018/B നമ്പർ കേസ് നിലവിൽ ഹിയറിംഗ് സ്റ്റേജിലാണ്. അടുത്ത പോസ്റ്റിംഗ് 25.10.2023-ൽ ആണ്. 68/2023C നമ്പർ കേസ് നിലവിൽ Evidence Stage -ൽ ആണ്. അടുത്ത പോസ്റ്റിംഗ് 28.11.2023 -ൽ ആണ്. |
| (ബി) | 15-ാം നിയമസഭയുടെ 8 ാം സമ്മേളനത്തിലെ 27/02/2023 തീയതിയിലെ ചോദ്യം നമ്പർ 2440 നുള്ള മറുപടിയിൽ വിജിലൻസ് അന്വേഷണം നേരിടുന്നതായി അറിയിച്ചിരുന്ന പ്രസ്തുത ഉദ്യോഗസ്ഥനെയാണ് ഡെപ്യൂട്ടി കമ്മീഷണർ ഇന്റലിജൻസ് തിരുവനന്തപുരം ആയി ഇപ്പോൾ നിയമിച്ചിരിക്കുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സംസ്ഥാന ജി.എസ്.ടി വകുപ്പിൽ തിരുവനന്തപുരം ജില്ലയിലെ ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്) തസ്തികയിൽ നിയമിതനായ ഉദ്യോഗസ്ഥനെതിരായ പരാതികളെല്ലാം, വ്യക്തമായ മേൽവിലാസം രേഖപ്പെടുത്താത്ത വ്യാജ പരാതികളാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ തീർപ്പാക്കിയിട്ടുള്ളതാണ്. ഇപ്രകാരം, 15-ാം നിയമസഭയുടെ 8-ാം സമ്മേളനത്തിലെ 27/02/2023 തീയതിയിലെ ചോദ്യം നമ്പർ 2440-ന് തിരുത്തൽ മറുപടി നല്കിയിട്ടുള്ളതുമാകുന്നു. |
| (സി) | ലോകായുക്തയുടേയും വിജിലൻസിന്റേയും നടപടികൾ നേരിടുന്ന ഉദ്യോഗസ്ഥനെ ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്) എന്ന സെൻസിറ്റീവ് തസ്തികയിൽ നിയമിക്കുന്നത് സർക്കാരിന്റെ നിലവിലെ നയങ്ങൾക്ക് അനുസരിച്ചാണോ; | (സി) | സംസ്ഥാന ജി.എസ്.ടി വകുപ്പിൽ തിരുവനന്തപുരം ജില്ലയിലെ ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്) തസ്തികയിൽ നിയമിതനായ ഉദ്യോഗസ്ഥനെതിരായ പരാതികളെല്ലാം, വ്യക്തമായ മേൽവിലാസം രേഖപ്പെടുത്താത്ത വ്യാജ പരാതികളാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ തീർപ്പാക്കിയിട്ടുള്ളതാണ്. ഇപ്രകാരം, 15-ാം നിയമസഭയുടെ 8-ാം സമ്മേളനത്തിലെ 27/02/2023 |

| | | | |
|---|---|---|---|
| | | | തീയതിയിലെ ചോദ്യം നമ്പർ 2440-ന് തിരുത്തൽ മറുപടി നല്കിയിട്ടുള്ളതുമാകുന്നു. |
| (ഡി) | പ്രസ്തുത ഉദ്യോഗസ്ഥനെ ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ് ) എന്ന സുപ്രധാന തസ്തികയിൽ നിയമിക്കുന്നതിന് ലോകായുക്ത / വിജിലൻസ് കേസുകൾ മറച്ച് വെച്ച് ശിപാർശ നൽകിയ ജി.എസ്.ടി. കമ്മീഷണറുടെയും നികുതി വകുപ്പ് സെക്രട്ടറിയുടെയും നടപടികൾ നിയമപ്രകാരവും സർക്കാർ നയങ്ങൾക്ക് അനുസരിച്ചുമാണോ എന്ന് വ്യക്തമാക്കാമോ; | (ഡി) | സംസ്ഥാന ജി.എസ്.ടി വകുപ്പിൽ തിരുവനന്തപുരം ജില്ലയിലെ ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്) തസ്തികയിൽ നിയമിതനായ ഉദ്യോഗസ്ഥനെതിരായ പരാതികളെല്ലാം, വ്യക്തമായ മേൽവിലാസം രേഖപ്പെടുത്താത്ത വ്യാജ പരാതികളാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ തീർപ്പാക്കിയിട്ടുള്ളതാണ്. ഇപ്രകാരം, 15-ാം നിയമസഭയുടെ 8-ാം സമ്മേളനത്തിലെ 27/02/2023 തീയതിയിലെ ചോദ്യം നമ്പർ 2440-ന് തിരുത്തൽ മറുപടി നല്കിയിട്ടുള്ളതുമാകുന്നു. |
| (ഇ) | പ്രസ്തുത ഉദ്യോഗസ്ഥനെ തിരുവനന്തപുരം ജില്ല ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ് ) തസ്ഥികയിൽ നിന്ന് മാറ്റി നിയമിക്കുവാൻ ബഹു. ധനകാര്യ മന്ത്രി തയ്യാറാകുമോ? | (ഇ) | സംസ്ഥാന ജി.എസ്.ടി വകുപ്പിൽ തിരുവനന്തപുരം ജില്ലയിലെ ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്) തസ്തികയിൽ നിയമിതനായ ഉദ്യോഗസ്ഥനെതിരായ പരാതികളെല്ലാം, വ്യക്തമായ മേൽവിലാസം രേഖപ്പെടുത്താത്ത വ്യാജ പരാതികളാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ തീർപ്പാക്കിയിട്ടുള്ളതാണ്. ഇപ്രകാരം, 15-ാം നിയമസഭയുടെ 8-ാം സമ്മേളനത്തിലെ 27/02/2023 തീയതിയിലെ ചോദ്യം നമ്പർ 2440-ന് തിരുത്തൽ മറുപടി നല്കിയിട്ടുള്ളതുമാകുന്നു. |

സെക്ഷൻ ഓഫീസർ